# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 13.07.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. മലയാളിയായ സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ നാലുപേരെ രാഷ്ട്രപതി രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു.

   **President Droupadi Murmu nominates four prominent personalities to Rajya Sabha including Keralite C Sadanandan Master.**

2. സിംഗപ്പൂരുമായുള്ള ഉഭയകക്ഷിസഹകരണം അവലോകനംചെയ്ത് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

   **EAM S Jaishankar reviews bilateral cooperation with his Singaporean counterpart.**

3. മൻ കി ബാത്ത് ടാലന്റ് ഹണ്ട് യുവതയുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരം ഒരുക്കുന്നതായി കേന്ദ്ര സഹമന്ത്രി രക്ഷ ഖഡ്സെ.

   **"Mann Ki Baat Talent Hunt" provides an opportunity to nurture the talents of youth, says Union Minister Raksha Khadse.**

4. 14 ദിവസത്തെ ആക്സിയം-4 ദൗത്യത്തിന് ശേഷം ബഹിരാകാശ സഞ്ചാരി ശുഭാംശു ശുക്ലയും സംഘവും നാളെ മടങ്ങും.

   **After the 14-day Axiom-4 mission, Indian Astronaut Group Captain Shubhanshu Shukla and crew members to begin journey back to Earth tomorrow.**

5. യാത്രക്കാരുടെ സുരക്ഷയ്ക്കായി എല്ലാ കോച്ചിലും CCTV ക്യാമറ സ്ഥാപിക്കുമെന്ന് ഇന്ത്യൻ റെയിൽവേ.

   **Railways to install CCTV cameras in all coaches to enhance passenger safety.**

6. വിംബിൾഡൺ പുരുഷ സിംഗിൾസ് ഫൈനലിൽ ഇ ന്ന് യാനിക് സിന്നറും കാർലോസ് അൽകരാസും ഏറ്റുമുട്ടും.

**In Wimbledon Tennis, Jannik Sinner to lock horns with Carlos Alcaraz in Summit Clash of Men's Singles in London tonight.**

&&&&&&&&&&&&&

**PREZ NOMINATION**

കേരളത്തിൽനിന്നുള്ള സി സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ നാലുപേരെ രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു. അഭിഭാഷകൻ ഉജ്വൽ ദേവ്റാവു നികം, മുൻ വിദേശകാര്യസെക്രട്ടറി ഹർഷ് വർധൻ ശൃംഗ്ല, ചരിത്രകാരി ഡോ. മീനാക്ഷി ജെയിൻ എന്നിവരാണ് മറ്റുള്ളവർ. പുതിയ അംഗങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.

&&&&&&&&&&&&&

**SADANANDAN MASTER (INTRO)**

പാർട്ടി ഏൽപ്പിച്ച വലിയ ദൗത്യമായാണ് രാജ്യസഭാ അംഗത്വത്തെ കാണുന്നതെന്ന് സദാനന്ദൻ മാസ്റ്റർ ആകാശവാണി വാർത്തകളോട് പ്രതികരിച്ചു.

(വോയ്സ്)

&&&&&&&&&&&&&

**PREZ ODISHA VISIT**

രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു രണ്ടുദിവസത്തെ സന്ദർശനത്തിനായി നാളെ ഒഡിഷയിലെത്തും. ഭുവനേശ്വർ എയിംസിന്റെ അഞ്ചാമത് ബിരുദദാനച്ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. ചൊവ്വാഴ്ച കട്ടക്കിലെ റാവൻഷാ സർവകലാശാലയുടെ 13-ാം ബിരുദദാനച്ചടങ്ങിൽ പങ്കെടുക്കുന്ന രാഷ്ട്രപതി റാവൻഷാ ഗേൾസ് ഹൈസ്കൂൾ പുനർനിർമാണ പ്രവർത്തനങ്ങളുടെ തറക്കല്ലിടലും നിർവഹിക്കും. ആദികവി സരള ദാസിന്റെ ജന്മവാർഷികാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി, കലിംഗരത്ന പുരസ്കാരങ്ങളും സമ്മാനിക്കും.

**&&&&&&&&&&&&&**

## JAISHANKAR SINGAPORE

ഉഭയകക്ഷിസഹകരണം സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ, സിംഗപ്പൂർ വിദേശകാര്യമന്ത്രി വിവിയൻ ബാലകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തി. ടെമാസെക് ഹോൾഡിങ്സിന്റെ നിയുക്ത ചെയർമാൻ ടിയോ ചീ ഹീനുമായും അദ്ദേഹം സംവദിച്ചു. ഇന്ത്യയിലെ പരിവർത്തന സാധ്യതകളെക്കുറിച്ചും നിക്ഷേപ അവസരങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. സിംഗപ്പൂർ സന്ദർശനത്തിന് ശേഷം ശ്രീ ജയശങ്കർ ചൈനയിലേക്ക് പോകും.

**&&&&&&&&&&&&&**

## RAJNATH-BRAHMOS MISSILE (INTRO)

ഓപ്പറേഷൻ സിന്ദൂറിനു ശേഷം, നിരവധി വിദേശ രാജ്യങ്ങൾ ബ്രഹ്മോസ് മിസൈലുകൾ ആവശ്യപ്പെട്ടതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. നിലവിൽ 14 രാജ്യങ്ങൾ മിസൈൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അത് ലഖ്നൗവിൽനിന്ന് കയറ്റുമതി ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

**(voice)**

ലഖ്നൗവിലെ നാഷണൽ പിജി കോളേജിൽ ഉത്തർപ്രദേശ് മുൻമുഖ്യമന്ത്രി ചന്ദ്ര ഭാനു ഗുപ്തയുടെ പ്രതിമ, രാജ്നാഥ് സിംഗ് അനാച്ഛാദനം ചെയ്തു.

**&&&&&&&&&&&&&**

## CENTRE – FERTILIZER

കർഷകർക്ക് മതിയായ അളവിൽ ഗുണനിലവാരമുള്ള വളം ലഭ്യമാക്കേണ്ടത് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഗുണനിലവാരമില്ലാത്ത വളങ്ങളുടെ വിൽപ്പന, സബ്സിഡി വളങ്ങളുടെ കരിഞ്ചന്ത, നിർബന്ധിത ടാഗിംഗ് പോലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ കർശനനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മന്ത്രി കത്തെഴുതി. ഗുണമേന്മയിൽ

കൃത്രിമത്വം വരുത്താൻ ശ്രമിക്കുന്ന ഏജൻസികളുടെ ലൈസൻസുകൾ റദ്ദാക്കൽ ഉൾപ്പെടെ കർശന നിയമനടപടി സ്വീകരിക്കാൻ ശ്രീ ചൗഹാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു.

&&&&&&&&&&&&&

## PM CONDOLENCE

ഇന്നുരാവിലെ അന്തരിച്ച തെലുങ്ക് നടൻ കോട്ട ശ്രീനിവാസ് റാവുവിന്റെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. സിനിമാമേഖലയിലെ പ്രതിഭയ്ക്കും വൈദഗ്ധ്യത്തിനും അദ്ദേഹം എക്കാലവും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി സന്ദേശത്തിൽ പറഞ്ഞു. തലമുറകളായി പ്രേക്ഷകരെ ഉജ്ജ്വലമായ പ്രകടനങ്ങളിലൂടെ ആകർഷിച്ച അദ്ദേഹം, സാമൂഹ്യസേവനത്തിൽ മുൻപന്തിയിലായിരുന്നുവെന്നും ദരിദ്രരെയും അടിച്ചമർത്തപ്പെട്ടവരെയും ശാക്തീകരിക്കുന്നതിനായി പ്രവർത്തിച്ചുവെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&

## SHUBHANSHU SHUKLA

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുടെയും ആക്സിയം-4 ദൗത്യത്തിലെ മറ്റ് മൂന്ന് അംഗങ്ങളുടെയും മടക്കയാത്രയ്ക്കു നാളെ തുടക്കം. വൈകിട്ട് 4.30ന് അൺഡോക്കിങ് ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് സമൂഹമാധ്യമത്തിൽ കുറിച്ചു. 14 ദിവസത്തെ ദൗത്യത്തിന് ശേഷമാണ് സംഘം മടങ്ങുന്നത്.

&&&&&&&&&&&&&

## GOVERNOR

ഗുരു വന്ദനത്തിനെതിരെ വന്ന പരാമർശങ്ങൾ ദൗർഭാഗ്യകരമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ബാലഗോകുലത്തിന്റെ കനകജൂബിലി ആഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതേസമയം, പാദപൂജ സംഭവത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദമായ അന്വേഷണം നടത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

&&&&&&&&&&&&&

## MAN KI BAAT TALENT HUNT

സമൂഹത്തിൻറെ താഴെത്തട്ടിൽ നിന്ന് കഴിവുള്ള യുവ ജനതയെ കണ്ടെത്തി, കഴിവുകൾ വികസിപ്പിക്കാൻ അവസരം ഒരുക്കുകയാണ് മൻ കി ബാത്ത് ടാലന്റ് ഹണ്ട് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ. മേരാ യുവ ഭാരത് സംഘടിപ്പിച്ച ടാലൻറ് ഹണ്ട് സീസൺ 5 ഫൈനൽ മത്സരം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&

## RAILWAY CCTV (INTRO)

യാത്രക്കാരുടെ സുരക്ഷയ്ക്കായി എല്ലാ കോച്ചിലും CCTV ക്യാമറകൾ സ്ഥാപിക്കുമെന്ന് റെയിൽവേ. 74,000 കോച്ചിലും 15,000 എൻജിനിലുമാണ് ക്യാമറ ഘടിപ്പിക്കുക. പരീക്ഷണാടിസ്ഥാനത്തിൽ CCTV ക്യാമറ സ്ഥാപിച്ചത് വിജയകരമായതിനെത്തുടർന്നാണ് എല്ലാ കോച്ചുകളിലേക്കും വ്യാപിപ്പിക്കുന്നത്. വിശദാംശങ്ങളിലേക്ക്...............

&&&&&&&&&&&&&

## TEST CRICKET

ലോർഡ്സിൽ നടക്കുന്ന ആൻഡേഴ്സൺ-തെൻഡുൽക്കർ ട്രോഫിയിലെ മൂന്നാം ടെസ്റ്റിന്റെ നാലാം ദിനത്തിൽ ഇന്ത്യക്കെതിരായ രണ്ടാം ഇന്നിങ്സ് പുനരാരംഭിച്ച ഇംഗ്ലണ്ട്, 4 വിക്കറ്റിന് 148 റൺസെന്ന നിലയിലാണ്. ഇംഗ്ളണ്ടിന് നിലവിൽ 148 റൺസ് ലീഡാണുള്ളത്. അഞ്ചുമത്സര ടെസ്റ്റ് പരമ്പരയിൽ ഇരുടീമും ഓരോ മത്സരം ജയിച്ചിട്ടുണ്ട്.

&&&&&&&&&&&&&

## WIMBLEDON

വിംബിൾഡൺ പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് ഇറ്റലിയുടെ യാനിക് സിന്നർ, സ്പെയിന്റെ കാർലോസ് അൽകരാസിനെ നേരിടും. രാത്രി 8.30നാണ് മത്സരം.

&&&&&&&&&&&&&

## FIFA Club World Cup (INTRO)

ക്ലബ് ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ ഇന്ന് ചെൽസിയും പാരിസ് സെന്റ് ജർമനും ഏറ്റുമുട്ടും. അമേരിക്കയിലെ ന്യൂ ജഴ്സിയിൽ രാത്രി 12.30നാണു മത്സരം.
ആകാശവാണി പ്രതിനിധി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്......
(വോയ്സ്)

&&&&&&&&&&&&&

## AUSTRALIA MAITRI GRANTS

ഇന്ത്യ-ഓസ്ട്രേലിയ ബന്ധം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നൽകുന്ന മൈത്രി ഗ്രാന്റ് സ്കോളർഷിപ്പുകൾക്ക് ഈ വർഷം അർഹമായ 34 പേരുടെ പട്ടിക ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോങ് പ്രഖ്യാപിച്ചു. സാങ്കേതികവിദ്യ, വ്യവസായം, വിദ്യാഭ്യാസം, സംസ്കാരം എന്നീ മേഖലകളിൽ ഇരു രാജ്യങ്ങളുടെയും സഹകരണം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ സ്കോളർഷിപ്പുകൾ.

&&&&&&&&&&&&&

## REV. KHALISTANI TERRORISTS ARREST

അമേരിക്കയിൽ എട്ട് ഖാലിസ്ഥാൻ ഭീകരരെ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ അറസ്റ്റ് ചെയ്തു. നിരോധിത സംഘടനയായ ബബ്ബർ ഖൽസ ഇന്റർനാഷണലുമായി ബന്ധപ്പെട്ട ഭീകര പ്രവർത്തനങ്ങൾക്ക് ഇന്ത്യയുടെ ദേശീയ അന്വേഷണ ഏജൻസി തിരയുന്ന പവിത്ര സിങ് ബടാലയും ഇവരിൽ ഉൾപ്പെടുന്നു. രാജ്യത്തുടനീളം വിവിധ അന്വേഷണ ഏജൻസികൾ നടത്തിയ തിരച്ചിലിനെ തുടർന്നാണ് അറസ്റ്റ്.

&&&&&&&&&&&&&

&&&&&&&&&

&&&